DOI: https://doi.org/10.46632/cllrm/4/5/6
Contemporaneity of Language and Literature in the Robotized Millennium
Vol: 4(5), 2022
REST Publisher; ISBN: 978-81-936097-3-6
Website: http://restpublisher.com/book-series/cllrm/

# സാഹിത്യത്തിലെ മാനവാനന്തരതയുടെ നിരാകരണവും സാധ്യതകളും: സുസ്മേഷ് ചന്ത്രോത്തിന്റെ *'ഡി'*, *'യന്ത്രലോചനം'* എന്നീ നോവലുകളെ മുൻനിർത്തിയുള്ള വായന

**ശാലിനി രാമചന്ദ്രൻ,**

അസി.പ്രൊഫസർ,

സി എം എസ് കോളേജ്, കോട്ടയം,

'*ഡി*'യുടെ ആദ്യപതിപ്പ് 2005ൽ പ്രസിദ്ധീകരിച്ച്, പത്തുവർഷത്തിന് ശേഷമാണ് '*യന്ത്രലോചനം*' എന്ന നോവൽ പുറത്തിറങ്ങുന്നത്. ആധുനികതാവിമർശനത്തിനും അതിനുമപ്പുറമെന്ത് എന്ന ചോദ്യത്തിന് പ്രാധാന്യവും കൈവരുന്ന വർത്തമാനകാല സാഹിത്യത്തിൽ, മാനവാനന്തരതയുടെ വിവിധതലങ്ങളുടെ ആഖ്യാനങ്ങൾ സൂക്ഷ്മപഠനം അർഹിക്കുന്നു. പ്രമേയപരമായി നോക്കുമ്പോൾ '*ഡി*'യുടെ ആദ്യസൂചനകൾ ആരംഭിക്കുന്നത് '*യന്ത്രലോചന*'ത്തിൽ നിന്നാണെന്ന് കാണാം. ആധുനികതകയുടെ/യന്ത്രങ്ങളുടെ കടന്നുവരവിലേക്ക് നടന്നെത്തുന്ന ദേശാഖ്യാനമാണ് '*യന്ത്രലോചനം*'. '*ഡി*'യിലും തുവാനമെന്ന പേരിൽ സൂചിപ്പിക്കുന്ന, അപ്രതക്ഷ്യമായിപ്പോയ ഒരു ദേശമായി വരുന്നത് '*യന്ത്രലോചന*'ത്തിലെ ഗ്രാമം തന്നെയാകണം. നശിച്ചുപോയ നഗരത്തെകുറിച്ച് ഒരു പുസ്തകത്തിലൂടെ വായിക്കുന്ന സന്നദ്ധപ്രവർത്തകനിലൂടെയാണ് നോവൽ സഞ്ചരിക്കുന്നത്. നമ്മളൊക്കെയും ജീവിക്കുന്ന, വർത്തമാനകാലമായി '*ഡി*' എന്ന നഗരം മാറുന്നു. നരവംശശാസ്ത്രപരമായ സമീപനങ്ങളെ നിരാകരിച്ചുകൊണ്ട്, മനുഷ്യനും ജന്തുക്കളും കൃത്രിമ ബുദ്ധികളും(artificial intelligence) ഭേദമില്ലാതെ ഒരേ തലത്തിലേക്ക് വരുന്നു എന്നതാണ് അതിമാന വികതയുടെ ഒരു പ്രത്യേകത. നശിച്ച നഗരത്തെ ഒരാൾ വായിക്കു ന്നുവെങ്കിലും, വായനനിർത്തുന്നതോടെ അതിജീവനത്തിന്റെ പുതിയ സാധ്യതക ളിലേക്കുള്ള, സാങ്കേതികതയുടെ വിജയം തന്നെയാണ് വെളിവാകുന്നത്. മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ബന്ധത്തെ പുതിയ രീതിയിൽ വായിക്കേണ്ടതായ സൂചനകൾ തരുന്ന '*യന്ത്രലോചന*'ത്തിൽ നാട്ടിലെ തേവർ, ഗന്ധർവ്വൻ, യക്ഷി എന്നിവരെല്ലാം ഒരു വിമാനത്താ വളത്തിന്റെ വരവോടെ മറഞ്ഞുപോകുന്നു. അതോടൊപ്പം ചുരുക്കം ചിലമനുഷ്യരും. എന്നാൽ അവിടെയും മനുഷ്യവംശം അവസാനിക്കുന്നില്ല, അതിജീവനത്തിന്റെതായ പ്രയാണത്തിൽ കർമ്മനിരതരാകുന്നവർ പുതിയസാധ്യതകൾ കണ്ടെത്തുന്നു.

നിരാകരണത്തിലൂടെയുള്ള സാധ്യതാവെളിവാകലാണ് അതിമാനവികതയുടേയും സാങ്കേതികതയുടേയും കാതൽ എന്ന് ഈ രണ്ട് നോവലുകളിലൂടെ നിരീക്ഷിക്കാനാകും. " ഈ പോക്കുകാണുമ്പോൾ സ്ഥലം പ്രശ്നമല്ലാതായി തീരുമെന്നും എല്ലാ വീടുകളിലും താമസിയാതെ കമ്പ്യൂട്ടർ ഉപയോഗിച്ചു തുടങ്ങാൻ സാധ്യതയുണ്ടെന്നും തോന്നിപ്പോകുന്നു. കമ്പ്യൂട്ടറിന്റെ ഉപയോഗം വിപുലീകരിക്കപ്പെടുകയാണെങ്കിൽ അത് ജോലിയില്ലായ്മയ്ക്ക് വഴിതെളിക്കുകയില്ലേ? നമ്മുടെ രാജ്യത്തെ സംബന്ധിച്ചിടത്തോളം ഗൗരവമുള്ള ഒരു പ്രശ്നമാണിത്. കമ്പ്യൂട്ടർ നിർമ്മിക്കാനും അവ സർവീസ് ചെയ്യുവാനും

**Copyright@ 2022 REST Publisher** 

പരിശീലനം കൊടുക്കുന്നതിനും അനേകമാളുകൾ വേണമെന്നുള്ളത് ശരിതന്നെ. പക്ഷേ കമ്പ്യൂട്ടറിന്റെ കഴിവ് അനേകശതമാനമാളുകളുടെ ജോലിക്ക് തുല്യമായതുകൊണ്ട് കമ്പ്യൂട്ടറും ജനപെരുപ്പവും തമ്മിൽ പൊരുത്തപ്പെടുമോയെന്ന് സംശയമാണ്"('കൃത്രിമ മസ്തിഷ്കം', കെ സീതാരാമൻ, മാതൃഭൂമി ആഴ്ചപ്പതിപ്പ്, ഏപ്രിൽ 28,1968). യന്ത്ര ഭയത്തിൽ(Technophobia) തുടങ്ങിയ സാങ്കേതിക വിദ്യകളുടെ വികാസം, തൊണ്ണൂറുകളോടെ സർവ്വ ജനസമ്മിതിയുടെ ഭാഗമായി മാറി. ടെക്നോളജിയുടെയും സയൻസിന്റെയും വഴികളെ നിരാകരിക്കുമ്പോൾ തന്നെ അതിലേക്ക് എത്തിപ്പെടുകയും അതിന്റെ ഭാഗമാവുകയും ചെയ്യുന്ന കഥാപാത്രങ്ങളെ യഥേഷ്ടം കാണാനാകും. ആധുനികതയുടെ പ്രതിഫലനങ്ങൾ(existing patterns) പലതും നിരാകരിക്കപ്പെടുകയും, ചില ജീർണതകൾ നിലനിൽക്കെ തന്നെ വിവിധതരത്തിലുള്ള അധികാരമേഖലകളുടെ വീര്യം കുറയുകയും ചെയ്യുന്നു. ശാസ്ത്രമേഖലകളുടെ വികസനങ്ങൾ മനുഷ്യരാശിയെയും ചുറ്റുപാടുകളെയും പുരോഗമനപരമായി സ്വാധീനിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി രൂപപ്പെട്ട അന്യവൽക്കരണം, അസ്തിത്വവാദചിന്തകൾ, അരാജകത്വസമീപനങ്ങൾ എന്നിവയാകട്ടെ മനുഷ്യനെ കൂടുതൽ നിസ്സഹായതയിലേക്ക് എത്തിക്കുകയും ചെയ്തു. ദാമു ഇത്തരത്തിലുള്ള പരിതസ്ഥിതിയെ സ്വയം തിരഞ്ഞെടുക്കുകയും അതിൽ ഒരളവു വരെ ആനന്ദം കണ്ടെത്തുകയും ചെയ്യുന്ന കഥാപാത്രമാണ്. വിപിനൻ ഈ നിസ്സഹായതകളിയിലേക്ക് എത്തിപ്പെടുന്നയാളാണ്, അതിന്റെ അങ്കലാപ്പുകൾ നിലനിൽക്കുമ്പോൾ തന്നെ അവയോട് പൊരുത്തപ്പെടുവാനാകുന്ന തരത്തിലുള്ള മാനസികാവസ്ഥ വളരെ വേഗം രൂപപ്പെടുകയും ചെയ്യുന്നുണ്ട്. ആധുനികവൽക്കരണത്തിന്റേതായ പരിമിതികളെ മറികടക്കുവാനും വിശ്വാസങ്ങളിൽ യുക്തമായത് ഏത് എന്ന് തിരിച്ചറിയുവാനും മാനവാനന്തര വായനകൾ വലിയ പങ്കു വഹിക്കുന്നു .

മനുഷ്യനെ പുനർനിർമിക്കുകയും, ചുറ്റുപാടുകളേയും വായന എന്ന ജ്ഞാനമണ്ഡലത്തേയും പുതിയതലത്തിൽ വീക്ഷിക്കുകയും ചെയ്യുന്നവയാണ് *ഡി*യും *യന്ത്രലോചനവും*. *ഡി*യിൽ ദാമു ജോലി ചെയ്യുന്ന പത്രമോഫീസ് കഥാപുരോഗതയുടെ മധ്യഭാഗത്തെത്തുമ്പോഴേക്കും പരാജയത്തി ലേക്കെത്തുന്നതായി പറയുന്നുണ്ട്. അതുപോലെ *യന്ത്രലോചന*ത്തിൽ വിമാനത്താവളം വരുന്നതിനെതിരായി ജനങ്ങൾ പ്രതിഷേധിക്കുന്നുണ്ട്. അതിനായി ഉപയോഗിക്കുന്ന മാധ്യമങ്ങൾ ഇന്റർനെറ്റും കമ്പ്യൂട്ടറുമൊക്കെയാണ്. ഇവിടെയെല്ലാം കടലാസ് രൂപത്തിൽ നിന്നും മാറിയ, വായനയുടെ വിവിധ മാധ്യമരൂപങ്ങളാണ് വെളിവാകുന്നത്. "ലോകത്തിന്റെ മറ്റേ അറ്റത്തേക്ക് ക്ഷണനേരംകൊണ്ട് ആവശ്യമുള്ള വിവരങ്ങൾ, പാഠം, ചിഹ്നം, ശബ്ദം, ദൃശ്യം– വളരെ എളുപ്പത്തിലും ചെലവുതന്നെയില്ലാത്ത രീതിയിലും എത്തിക്കാൻ കഴിയും. അവ ആവശ്യാനുസരണം ഒത്തുനോക്കുവാനും തിരിച്ചെടുക്കാനും സമാഹരിക്കാനും വിശകലനവിധേയമാക്കാനും എളുപ്പമാണ്. പരിപൂർണ്ണമായി കമ്പ്യൂട്ടർ അധിഷ്ഠിതമായതിനാൽ തന്നെ മനുഷ്യധ്വാനവും ഇവിടെ ഏറ്റവും കുറവേ ആവശ്യമുള്ളൂ. മുമ്പ് ഉണ്ടായിരുന്നത് പോലെ വിപുലവും ശ്രേണീബന്ധവുമായ ഒരു ഉദ്യോഗസ്ഥവൃന്ദം ഇവിടെ ആവശ്യമില്ല"(സി.എസ്.വെങ്കിടേശ്വരൻ,208:190). ബന്ധനങ്ങളിലേക്കും അരിക വൽക്കരണങ്ങളിലേക്കും പോകാതെ വികസനത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും തുല്യതയുടെതുമായ നിരന്തര നവീകരണ സ്വഭാവം ഇവിടെയും കാണാനാകും. സംസ്കാരത്തെ 'ശാസ്ത്രം'കൊണ്ട് നവീകരിക്കുകയും, സുസ്ഥിരമാക്കുന്നതിനേക്കാൾ പരിഷ്കരിച്ച് നിലനിൽക്കുകയും ചെയ്യുന്നു. ജൈവികതയും(Biology) സാങ്കേതികവിദ്യയും(technology); സാഹിത്യവും(Fiction) യാഥാർഥ്യവും(Reality) തുടങ്ങിയ ബന്ധങ്ങളുടെ പുനർവായന ഈ നോവലുകളിൽ സാധ്യമാകുന്നുണ്ട്. ലളിതമായി പറഞ്ഞാൽ സർവ്വസാതന്ത്ര്യത്തോട് കൂടിയതും ഒരു തരത്തിലുള്ള ഗണിതാഭിനിവേശസ്വഭാവം പുലർത്തുന്നതുമായ ലാവണ്യ സൗന്ദര്യമാണ് ഈ നോവലുൾക്ക് കൈവരുന്നത്.

ഭൂമിയുടെ നിലനിൽപ്പ് എങ്ങനെയെന്നും ഏത് രീതിയിലാണെന്നുമുള്ള നവീനാന്വേഷണമാണ് മറ്റൊന്ന്. മനുഷ്യൻ പ്രകൃതിയുടെ ഭാഗമാണ് എന്നതിൽ നിന്നും മാറി പ്രകൃതി മനുഷ്യന്റെ ഭാഗമാണെന്ന നിലയിലേക്കെത്തിയിരിക്കുന്നു. അവിടെ നശീകരണത്തിനും സംരക്ഷണത്തിനും ഉള്ള സാധ്യത

തത്തുല്യമാണ്. "യന്ത്രങ്ങൾ മുരളാത്ത ഉത്പാദനകേന്ദ്രങ്ങളെ ശത്രുരാജ്യങ്ങൾ കൂടി യുദ്ധമാപ്പിൽ നിന്ന് ഒഴിവാക്കി"(സുസ്മേഷ് ചന്ത്രോത്ത്,2005:110). ഇങ്ങനെ മനുഷ്യൻ അതുല്യതയാൽ അധീശത്വം കൈവരിച്ചിരിക്കുന്നതിന്റെ നിരവധി ഉദാഹരണങ്ങൾ കണ്ടെത്താനാകും. ജനിതകപരമായിട്ടുള്ള പോരായ്മകളും നിയന്ത്രണങ്ങളും അദൃശ്യവൽക്കരിക്കാനാകുന്ന സാധ്യതകളും മാനവികാനന്തരത മുന്നോട്ടുവയ്ക്കുന്നു. യന്ത്രങ്ങളുടേയോ ഇലക്ട്രോണിക്സിന്റെയോ സഹായത്താൽ ജീവിക്കുന്ന സൈബോർഗ്(cyborg) എന്ന് വിളിക്കുന്ന മനുഷ്യജീവിതങ്ങളിലേക്ക് എത്തേണ്ടതിന്റെ ആവശ്യകതയെ ബോധ്യപ്പെടുത്തുന്നുണ്ട് ഡി എന്ന നഗരം. കൂടുതൽ ആരോഗ്യപരമായതും ദീർഘമായ നിലനിൽപ്പോടുകൂടിയതും ധിഷണാവൈഭവം പുലർത്തുന്നതുമായ മുന്നേറ്റമാണിത്. "പിരിയാൻ നേരം കൃത്രിമക്കൈകൾ അഴിച്ചുമാറ്റി കൈപ്പത്തികൾക്കിടയിൽ പേന തിരുകി ആശിശ് ഗുരുംഗ് എഴുതി. വിനയചന്ദ്രൻ ജീവിതത്തിലാദ്യമായി കൈപ്പറ്റിയ ഓട്ടോഗ്രാഫും അതായിരുന്നു"(ibid:30–31). സൈബോർഗിന് തൊട്ടുപിറകിലത്തേത് എന്ന് പറയാവുന്ന യാന്ത്രികലോകത്തേയും അതിന്റെ പരിമിതികളെയും തിരക്കുള്ള വർത്തമാനകാല സാഹചര്യങ്ങളെയും ഡി എന്ന നോവൽ കൃത്യമായി വിലയിരുത്തുന്നുണ്ട്.

ടെക്നോറൊമാന്റിസിസം (technoromanticism), 18,19 നൂറ്റാണ്ടുകളിലെ കാല്പനികത യെയും(Romanticism) കലയേയും സാങ്കേതിക മാർഗ്ഗങ്ങളിലൂടെ പുനർജീവിപ്പിക്കുന്നു. ഈ ആശയം കൊണ്ടുവന്നത് സ്റ്റെഫാൻ ബാരൺ (Stephan Barron) ആയിരുന്നു. സാങ്കേതികശാസ്ത്രവും പ്രകൃതിയും വിരുദ്ധമായി നിൽക്കുന്ന സാഹചര്യത്തെക്കൂടി ഇവിടെ ശ്രദ്ധ പതിപ്പിക്കുന്നു. "വിപിനൻ എസ് എം എസ് അയച്ചു. –വൈകീതെന്താണെന്ന് ഇന്ന് അമ്മ ചോദിച്ചു.. നാളെ നേരത്തേ അമ്പലം പൂട്ടീട്ട് വരാം.മറുപടി വന്നു.–എന്നോടും ചോദിച്ചു. നഖം വെട്ട്വയിരുന്നൂന്ന് കള്ളം പറഞ്ഞു. അതിനും കിട്ടി ചീത്ത.രാത്രി നഖം മുറിക്കാൻ പാടില്ല്യാ പോലും. വിപിനൻ ഒരു ചിരിത്തല സന്ദേശമായി കൊട്ടി. അതിനുള്ള മറുപടി വന്നത് അല്പം കഴിഞ്ഞാണ്. അതൊരു ദൃശ്യ സന്ദേശമായിരുന്നു സൗഗന്ധികം മുടിയിൽ ചൂടി നിൽക്കുന്ന പൗർണമിയുടെ ചിത്രം. ഫോണിനെ തനിക്ക്നേരെ തിരിച്ചുപിടിച്ച് അവൾ തനിയെ എടുത്തത്. അതാണ് അയച്ചു തന്നിരിക്കുന്നത്. വിപിനൻ ഫോൺ മാറോട് ചേർത്തു. മാറിലേക്ക് പൗർണമി നിറയുന്നത് വിപിൻ അറിഞ്ഞു"(സുസ്മേഷ് ചന്ത്രോത്ത്,2015:20).

സൂപ്പർവെൽബീങ്(superwell-being) എന്ന അവസ്ഥയിലേക്കുള്ള മനുഷ്യന്റെ രൂപാന്തരണം *യന്ത്രലോചനം* എന്ന നോവലിൽ നിന്നുള്ള ഈ കഥാസന്ദർഭ ത്തിൽ നിരീക്ഷിക്കാനാകും. യന്ത്രങ്ങളിലൂടെ മനുഷ്യ വികാരങ്ങളെയും ചിന്തകളെയും യഥേഷ്ടം കൈമാറുവാൻ ആകുന്നു. ഒരുതരത്തിൽ പരിമിതികളുടെ മറികടക്കലാണിതും.

മാനവാനന്തര വാസ്തുവിദ്യയുടെ നിർമാണ സാമഗ്രികളിൽ അജൈവവും ജൈവികവുമായ സംയുക്തങ്ങൾ ഉൾക്കൊള്ളുന്നു. ഇവിടെ ഉപഭോക്താവ് മനുഷ്യൻ മാത്രമല്ല. *ഡി*യിൽ ദാമുവും പ്രതാപനും വാഗ്വാദരൂപത്തിൽ സംഭാഷണത്തിൽ ഏർപ്പെടാറുണ്ട്. "'ഇവിടത്തെ ബഹുഭൂരിപക്ഷം വരുന്ന സാധാരണക്കാരെ പ്രതാപനും സർക്കാറും പണിയുന്ന വൈയിലെ ഷോപ്പിംഗ് കോംപ്ലക്സുകളിലേക്ക് ഇപ്പോഴത്തെ അവരുടെ സാമ്പത്തികസാഹചര്യങ്ങളിൽ നിങ്ങൾ പ്രതീക്ഷിക്കുന്നുണ്ടോ?'‘അതെന്നെ സംബന്ധിച്ച് ഒരു വിഷയമല്ല ദാമൂ. വിദേശികളുടെ ഒഴുക്കിലാണ് സർക്കാറിനും പ്രീമിയർ അസോസിയേറ്റ്സിനും കണ്ണ്. എന്റെ അഭിപ്രായത്തിൽ, പുറമേനിന്നുള്ള സംസ്കാരവും ജനതയുംകൂടി നമുക്കിടയിലേക്കുവരട്ടെ. കുറച്ചുകൂടി തുറന്നുപറയാം, ഡിയുടെ കരയിൽ ഒരാമ മാത്രമല്ല എന്റെലക്ഷ്യം. ലോകത്തിലെ ഒരത്ഭുതത്തിന്റെ പെരുന്തച്ചൻ ആവുകയുമാണ്.'"(സുസ്മേഷ് ചന്ത്രോത്ത്,2005:44). വൈ എന്ന തുരുത്തിൽ വലിയ ആമയുടെ രൂപത്തിലുള്ള കൺസ്ട്രക്ഷൻ വർക്കുകൾ ആരംഭിക്കുവാനിരിക്കുന്ന വ്യക്തിയാണ് പ്രതാപൻ. ഈ തുരുത്തിൽ ഡി എന്ന നഗരത്തിന്റെ കുറവുകൾ പരിഹരിച്ചുകൊണ്ടുള്ള, യാഥാർത്ഥ്യങ്ങളെ സ്വപ്നങ്ങളാക്കിമാറ്റുന്ന തരത്തിലുള്ള മറ്റൊരു നഗരത്തെതന്നെ നിർമ്മിച്ചെടുക്കുവാൻ പ്രതാപൻ ആഗ്രഹിക്കുന്നുണ്ട്. "അതായിരിക്കും

ജീവിച്ചിരിക്കുന്നവരുടെ യഥാർത്ഥ പരിസരം"(ibid:15) എന്ന് അദ്ദേഹം ചിന്തിക്കുന്നുമുണ്ട്. കുറവുകളില്ലാത്ത അതിമാനവികതയെന്ന ആശയമാണിവിടെ വ്യക്തമാകുന്നത്. വൈ എന്ന തുരുത്തിലെ സ്വാഭാവിക ജൈവികതയെ തകിടം മറിക്കുവാൻവേണ്ടി വരുന്ന ഒരുവ്യക്തി എന്നനിലയിലാണ് പ്രതാപനെ ദാമു വീക്ഷിക്കുന്നത്. എന്നാൽ മനുഷ്യനോടൊപ്പം ചുറ്റുപാടുകളെക്കൂടി കൈപിടിച്ച് ഉയർത്തുവാനുള്ള ശ്രമത്തിന്റെ വക്താവ് എന്നനിലയിലും പ്രതാപൻഎന്ന കഥാപാത്രത്തെ വായിച്ചെടുക്കാം. നിരാകരണത്തിലൂടെയുള്ള സാധ്യതാവെളിവാകലിന്റെ മറ്റൊരു ചിത്രമാണിത്. ശാസ്ത്ര-സാങ്കേതിക രംഗത്തെ പുരോഗതിയിലൂടെ സുഖകരമായ നീതിപ്രാപ്യമാകുമെന്ന എക്സ്ട്രോപിയൻസത്തിന്റെ (Extropianinsm) വാദം തന്നെയാണിത്. പുരോഗതിയുടേതായ ശുഭാപ്തിവിശ്വാസമാണിതിന്റെ കാതൽ. ആഗോളവൽക്കരണത്തിലൂടെയാണിതിന്റെ വ്യാപനം സാധ്യമാകുന്നത്. അതായത് ലിംഗപരവും സ്വത്വപരവുമായ അധികാരക്രമങ്ങളെ ഇത് ലളിതവത്കരിക്കുകയോ തിരസ്കരിക്കുകയോ ചെയ്യുന്നു. നിലനിൽക്കുന്ന ഘടനകളെ പൊളിച്ചെഴുതുകയും വ്യക്തിവത്കരണത്തേക്കാൾ കൂടുതലായി സൈബർ ഇടങ്ങളിലൂടെയുള്ള ജ്ഞാന വിനിമയങ്ങൾക്കും വിവരശേഖരണങ്ങൾക്കും (Information storage) പ്രാധാന്യം കൈവരുന്നു. ബോധത്തിനേക്കാൾ വിവരങ്ങൾക്ക്(datas), അവസൂക്ഷിക്കുന്ന ഭൗതിക രൂപങ്ങൾക്ക് പ്രാധ്യാനം കൈവരുന്നു. ഇവിടെ അമാനുഷികവിശ്വാസങ്ങളെവരെ ടെക്നോളജിയിലൂടെ വിലയിരുത്താനാകുന്നു. പിയേർ സൈമൺ ലാപ്ലാസ് (Pierre-Simon Laplace) ലോകത്തുള്ള എന്തും കണക്കിലൂടെ പ്രവചിക്കാൻ സാധിക്കും എന്ന് പറഞ്ഞതിനെ ഇതോടൊപ്പം കൂട്ടിച്ചേർത്ത് വായിക്കേണ്ടതുണ്ട്.

മനുഷ്യന്റെ പരിമിതികളിൽ ശ്രദ്ധപതിപ്പിച്ച് അവയെ ശരിയാക്കിക്കൊണ്ട് തിരുത്തലുകളിലൂടെ മുന്നേറുന്ന അതിമാനവികതയുടെ വിവിധ തലങ്ങൾ ചില വെല്ലുവിളികൾകൂടി ഉയർത്തുന്നുണ്ട്. എന്നാൽ കൃത്യമായ സമീപനമാർഗങ്ങൾ അവലംബിച്ചുകൊണ്ട് അവയെ പരിഹരിക്കുവാൻ സാധിക്കുന്നതുമാണ്. ആഗോളവൽക്കരണത്തിൽ നിന്നും പരിപൂർണ വെർച്വലൈസേഷനിലേക്ക് (Virtualization), അല്ലെങ്കിൽ മനുഷ്യവംശത്തിന്റെ അവസാ നത്തിലേക്കുള്ള വഴിയെന്ന നിലയിൽ മാനവാനന്തരതയെ വായിക്കേണ്ടതും അനിവാര്യമാണ്. "റിമോട്ടിൽ പ്രവർത്തിക്കുന്ന ഒരു പറക്കും മനുഷ്യനുണ്ടായിരുന്നെങ്കിൽ നീതിയും വാഴ്വും ആഗ്രഹിക്കുന്ന സാധാരണ മനുഷ്യർക്ക് അസാധാരണത്വം അവകാശപ്പെടുന്നവരോട് പൊരുതാമായിരുന്നു"(ibid: 109-110). ഇല്ലാതായ തുവാനം എന്ന ഗ്രാമത്തെ കുറിച്ച് ദാമുവും നദിയും നടത്തുന്നതാണ് ഈ സംഭാഷണശകലം. ഇവിടെ, ഇല്ലാതായ ഗ്രാമത്തെ വീണ്ടെടുക്കുവാൻ അവർ തെരഞ്ഞെടുക്കുന്ന പ്രതിവിധി സാങ്കേതികതയുടേതാണ്. വികസനകുതിപ്പിൽ ഇല്ലാതായ ഒരു ഗ്രാമത്തെ വീണ്ടെടുക്കുന്നതിന് വികസനത്തെതന്നെ കൂട്ടുപിടിക്കുന്നു. ജൈവികമനുഷ്യൻ നിസ്സഹായനാകുന്ന ചില സന്ദർഭങ്ങളുടെ സൂചനയാണിത്.

ഫെറ്റിഷിസ(Fetishism)ത്തിന്റെ വിവിധ മുഖങ്ങൾ സാങ്കേതികശാസ്ത്രത്തിന്റെ ഭാഗമായി കടന്നുവരുന്നുണ്ട്. നെക്രോഫീലിയ(Necrophilia)യാണ് അതിലൊന്ന്. സ്ത്രീ ശവശരീരങ്ങളെ കൂട്ടമായും ഒറ്റയ്ക്കും ഭോഗിക്കുന്ന കഥാപാത്രങ്ങൾ *ഡി* യിൽ കടന്നുവരുന്നുണ്ട്. "'മിനിയാന്നത്തെപോലെ ഒരു പെണ്ണ് വീണിട്ടുണ്ട്. ഒറ്റപ്പോറലുപോലുമില്ല..'ഉറങ്ങുംപോലെ കിടന്നിരുന്നയാൾ എഴുന്നേറ്റു. അവർ എന്തൊക്കെയോ കൂടി സംസാരിച്ചു.'കാവലിട്ടോ?''ഇല്ല.''എന്നാ പൊക്കാം.'(ibid:28). ശിഥിലമാകുന്ന വ്യക്തികളെയും വ്യക്തിബന്ധങ്ങളെയും എങ്ങനെ കൈകാര്യം ചെയ്യണം എന്നുള്ള അന്വേഷണംകൂടി മാനവികാനന്തരത മുന്നോട്ടുവയ്ക്കുന്നു. മാലിന്യങ്ങളുടെയും എല്ലാ മനുഷ്യതിന്മകളുടെയും ഇടമായി *ഡി* എന്ന നോവലിൽ കടന്നുവരുന്ന ശവപ്പറമ്പ്, *ഡി* എന്ന നഗരത്തിന്റെ പരിഹരിക്കപ്പെടേണ്ടതായ ഒരു പ്രശ്നമാണ്. മാലിന്യങ്ങൾ മാനസികം -സാമൂഹികം -പരിസരം എന്നിങ്ങനെ വിവിധ മേഖലകളായി തരംതിരിക്കാം. കൃത്യമായ നിർമാർജനശ്രമങ്ങളിലൂടെ മാത്രമേ ഇവയ്ക്ക് പരിഹാരം കണ്ടെത്താൻ സാധിക്കൂ. ചില ഇടങ്ങളെ(Space) പരിപൂർണ്ണമായും ഇല്ലാതാക്കുന്ന ഒന്നായും മാനവാനന്തരതയെ വായിക്കാം. "വിപിനൻ നോക്കി.

ഗന്ധർവന്മാർ ആദ്യം അലിഞ്ഞു. യക്ഷികൾ ക്ഷണനേരത്തിനുള്ളിൽ അന്തരീക്ഷത്തിലലിഞ്ഞു. പോതിയും കുളിയും കൈകോർത്ത് പാടത്തേക്കിറങ്ങി. പിന്നെ പുകപോലെയലിഞ്ഞു. എല്ലാരും നീങ്ങി... അവസാനം വിനയനും തേവരും മാത്രമായി"(സുസ്മേഷ്ചന്ത്രോത്ത്,2015:68). *യന്ത്രലോചനം* എന്ന നോവലിൽ വിമാനത്താവളം വരുന്നതിനോടനുബന്ധിച്ച് വന്നുചേർന്ന മാറ്റങ്ങളെ കുറിച്ചാണിവിടെ പരാമർശിച്ചിരിക്കുന്നത്. അവ്യക്തമായ കഥകളും ചൊൽമൊഴികളും ചിലതൊഴിലുകളും മിത്തുകളും ദേശാതിർത്തികളുമെല്ലാം ഇല്ലാതാവുകയോ പുനർനിർമ്മിക്കപ്പെടുകയോ ചെയ്യുന്നു. ഇത്തരം സാഹചര്യങ്ങളിൽ ഒരു വിമതകഥാപാത്രം എന്നപോലെ സാങ്കേതികത(Technology) വർത്തിക്കുന്നു. കീഴാള(subaltern)- ഭിന്നലിംഗ(transgender)-സ്ത്രീ(women) പ്രതിനിധാനങ്ങൾ എപ്രകാരം മാനവാനന്തരതയുടെ ഭാഗമാകുന്നു / ഭാഗമാക്കപ്പെടുന്നെന്നതാണ് മറ്റൊരു വസ്തുത. മനുഷ്യബുദ്ധിയുടെ ഭാഗമായ സാങ്കേതിക വികാസങ്ങളും അതിന്റെ ഇതരഭാഗങ്ങളും ഏകീകരണത്തിന്റേതായ ഒരു സ്വഭാവം പുലർത്തുമ്പോൾ പോലും, വൈജാത്യങ്ങളുടേതായ സാധ്യതകളെ തള്ളിക്കളയാനുമാകില്ല. അതുപോലെ നിർമ്മിതബുദ്ധിയുടെ ഭാഗമാകാൻ കഴിയാത്ത ചെറിയൊരു ജനവിഭാഗം എപ്രകാരമാണ് അതിജീവന സ്വഭാവം പുലർത്തുകയെന്നത് മറ്റൊരു ചോദ്യമാണ്. മനുഷ്യവികാരങ്ങളെ എങ്ങനെയാണ് യാന്ത്രികതകൊണ്ട് ബന്ധപ്പെടുത്തിയെടുക്കുകയെന്നതും ഇതോടു കൂടി ബന്ധപ്പെട്ടുനിൽക്കുന്ന വിഷയമാണ്."'ന്ട്ട് ശ്രീലകത്ത്ന്ന് എസ്. എം. എസ് വരണ ശബ്ദം കേട്ടെന്ന് ശ്രീധരനും പിന്നെ മാധവിയും പറഞ്ഞതോ?' ഇത്തവണ ആ ചോദ്യവുമായി വന്നത് അച്ഛനാണ്. വിപിനൻ ഫോൺ മാറ്റിവെച്ചു. അച്ഛൻ ശബ്ദിച്ചതോടെ അരവ് യന്ത്രവും അമ്മയും ഒന്നിച്ച് ഒച്ച നിർത്തി"(ibid:19). *യന്ത്രലോചനം* നോവലിന്റെ ആദ്യഭാഗത്ത് നടക്കുന്ന ഈ സന്ദർഭം ടെക്നോളജിയുടെ വികാസത്തിനൊപ്പം സഞ്ചരിക്കുന്ന മനുഷ്യമനസ്സുകളെ കൂടി അടയാളപ്പെടുത്തുന്നുണ്ട്. ഭാഷയിലൂടെ മേധാവിത്വസ്വഭാവം പ്രകടമാകുന്ന കുടുംബാന്തരീക്ഷവും ഇവിടെ കാണാം. എന്നാൽ നോവലിന്റെ അവസാനഭാഗങ്ങളിലേക്ക് എത്തുമ്പോൾ മാറ്റങ്ങളെ സ്വീകരിക്കുവാൻ നിർബന്ധിക്കപ്പെടുന്ന ഒരുകഥാപാത്രമായി വിപിൻ മാറുന്നു. അവിടെ മനുഷ്യർക്കിടയിലെ ഉയർച്ച താഴ്ചകൾ ഇല്ലാതാകുന്നുണ്ട്. വികസനത്തിന്റെയും മുതലാളിത്തത്തിന്റെയും ,യാന്ത്രികതയുടെയും അന്തരീക്ഷമാണവിടെ ദൃശ്യമാകുന്നത്. മനുഷ്യന്റെ തിന്മയെ തന്നെ ചോദ്യംചെയ്യാനാകുന്ന ഒരു പദ്ധതിയെന്ന നിലയിൽ സാങ്കേതികവികാസങ്ങൾ മാറുന്നുണ്ട്. ബദലുകളുടെതായ സാധ്യതകളാണ് മാനവാനന്തരതയുടെ സമീപനങ്ങൾ എന്നത് പ്രതീക്ഷകളെ നിലനിർത്തുന്നു.

### ഗ്രന്ഥസൂചി

1). പി കെ രാജശേഖരൻ.2006.*ഏകാന്തനഗരങ്ങൾ*, കോട്ടയം:ഡി സി ബുക്സ്.

2). സി എസ് വെങ്കിടേശ്വരൻ.2018. മലയാളിയുടെ നവമാധ്യമജീവിതം, കോട്ടയം:ഡി സി ബുക്സ്.

3).സുസ്മേഷ് ചന്ത്രോത്ത്.2015. *യന്ത്രലോചനം*, കോഴിക്കോട്: മാതൃഭൂമി ബുക്സ്.

4). സുസ്മേഷ് ചന്ത്രോത്ത് .2012. *ഡി*,കോഴിക്കോട്: മാതൃഭൂമി ബുക്സ്.

5).'കൃത്രിമ മസ്തിഷ്കം', കെ സീതാരാമൻ, മാതൃഭൂമി ആഴ്ചപ്പതിപ്പ്, ഏപ്രിൽ 28,1968

6). https://www.thecue.in/books/coma-novel-anwar-abdulla-review-yacob-thomas.

7).https://l.facebook.com/l.php?u=http%3A%2F%2Fwww.xn3vco8bbsc6cd9b3fe9ng.com%2F2022%2F11%2Fblogpost.html&h=AT23_UOBOxlvtYreEreJ5oDljPEDSOYTtYeA89Ml9Jmz1gMsfXZL7n4rW0U_f9WbEP7zh-zPa8DYz_ewBFse-00ah-h0aclWc-lg_8iyy-tCAq44iS6e6BizDam-kslFE30NPf45di1zT5lo6SO0Elw7M